**11th November 2015 / Wednesday** **17th day of 90 days**

***വിശുദ്ധ യോഹന്നാൻ 5:21***

***'പിതാവ് മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛരിക്കുന്നവരെ ജീവിപ്പിക്കുന്നു'***

ജീവന്റെ ഉറവിടമായ യേശുക്രിസ്തുവിന്റെ ഉള്ളിൽ തിരികെ വരാത്ത ജീവൻ ദുഷ്ടശക്തികൾക്ക് അടിമയായി തീരാൻ സാധ്യതയുണ്ട്. ആയതിനാൽ നമ്മുടെ ചിന്തകൾ, വിചാരങ്ങൾ, ബോധങ്ങൾ, പ്രവൃത്തികൾ എല്ലാം പിതാവായ ദൈവത്തെ പ്രസാദിപ്പിക്കേണം. പിതാവായ ദൈവം പ്രസാദിച്ചാൽ മാത്രമേ, ദൈവീകസ്നേഹത്തിൽ നമുക്ക് ജീവിക്കാൻ കഴിയു. പിതാവായ ദൈവത്തിന്റെ പ്രസാദം നേടി കഴിഞ്ഞാൽ പുത്രന്റെ കൃപ ലഭിക്കുന്നു. ഇങ്ങനെ പിതാവായ ദൈവത്തിന്റെ സ്നേഹവും പുത്രന്റെ കൃപയും പൂർണ്ണമായി ലഭിച്ചു കഴിയുമ്പോൾ പരിശുദ്ധാത്മാവിന്റെ നിറവിൽ നിത്യമായ സന്താഷവും സമാധാനവും ലഭിക്കുന്നത്. ഇന്ന് ആത്മീയ സമാധാനവും സന്തോഷവും ലഭിക്കന്നില്ലായെങ്കിൽ പിതാവിനെ വേണ്ടവിധത്തിൽ പ്രസാദിപ്പിച്ചിട്ടില്ലായെന്നതാണ്. ദൈവകല്പനയിൽ പരിപൂർണ്ണമായ അനുസരണം കാണിച്ച്, ദൈവത്തിലെ വിശ്വാസം ഉറപ്പിച്ച്, നമ്മുടെ ഓരോ നിമിഷത്തെ ജീവിതം, കർത്താവിന്റെ രണ്ടാമത്തെ വരവിനായി, മണവാട്ടി സഭയ്ക്കായി പ്രവർത്തിച്ചാൽ, പിതാവായ ദൈവത്തിന്റെ പ്രസാദം ലഭിച്ച്, ആ സ്നേഹത്തിൽ, സ്നേഹത്തിന്റെയും ജീവന്റെയും ഉറവിടമായ യേശുക്രിസ്തുവിലേക്ക് എത്തിച്ചേരണം. പിതാവിന്റെ പ്രസാദം ഇല്ലാതെ ഒരിക്കലും പുത്രന്റെ അരികിൽ എത്താനോ ആ സ്നേഹമോ കൃപയോ അനുഭവിക്കാൻ കഴിയുകയില്ല. പുത്രന്റെ ഇഷ്ടത്തിനായി നാം സ്വയം സമർപ്പിച്ചാൽ, ദൈവഹിതത്തിന് യോഗ്യമായ വേലകൾ നിർവഹിച്ച് നമ്മുടെ ജീവനെ തിരികെ ഏൽപ്പിക്കാൻ കഴിയും. അറിയണം, അനുഭവമാകണം, ദൈവത്തിന്റെ വചനത്തെ സത്യത്തിൽ, നിർമ്മലതയോടെ, നന്മകളാൽ, ദൈവത്തിൽ ആശ്രയിച്ച് മുന്നോട്ട് നീങ്ങാം. പിതാവിന്റെ മരുമകളായി തീരേണ്ടവരെ, വിളിച്ചു, വേർതിരിച്ച്, തേജസ്സക്കരിക്കേണ്ടതിന് പുത്രന്റെ ഉള്ളിൽ സംരക്ഷിച്ചിരിക്കുന്ന കന്യകയുടെ ശരീരത്തിലെ ഓരോ കോശങ്ങളാണ് നമ്മുടെ ജീവൻ. അത് പൂത്തീകരിക്കാൻ നാം ദൈവത്തോട് സഹകരിക്കണം. പുത്രന്റെ വരവിനായി പ്രാർത്ഥനയോടെ കാത്തിരിക്കാം.